**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3457** **02-03-2023 - ൽ മറുപടിയ്ക്ക്**

**കൃഷി ഭവനുകൾ മുഖേനയുള്ള നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2011-16-ലെ സർക്കാരിന്റെ കാലയളവിൽ കൃഷി ഭവനുകൾ മുഖേന നെല്ല് സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് എത്ര കൃഷി ഭവനുകൾ മുഖേന ഇത്തരത്തിൽ നെല്ല് സംഭരിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല. സപ്ലൈകോയെയാണ് സർക്കാർ നെല്ല് സംഭരണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | സംസ്ഥാനത്ത് നിലവിൽ എത്ര നെല്ല് സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; നെല്ല് സംഭരിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഇല്ലാത്തതിനാലും കർഷകർ വലിയ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലും കൃഷി ഭവനുകൾ മുഖേന നെല്ല് സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | നെല്ല് സംഭരണത്തിനായി രജിസ്റ്റർ ചെയ്യുന്ന കർഷകൻ ടിയാൾ കൃഷി ചെയ്യുന്ന സ്ഥലത്തെ കൃഷി ഭവന്റെ പരിധിയിൽപ്പെടുന്ന ഏതെങ്കിലും പ്രദേശത്ത് നെല്ല് കൊണ്ട് വരികയും അവിടെ നിന്നും സപ്ലൈകോ സംഭരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ